
# ഹാപ്പി ഹിൽ കൈവശപ്പെടുത്താൻ കുത്തകക്കമ്പനികൾ ശ്രമിക്കുന്നു: ഫുക്കുവോക്ക



ഡൽഹി: താൻ വർഷങ്ങളു ടെ കൃഷിരീതിയിലൂടെ സ്വഭാവം മാറ്റി വികസിപ്പിച്ച വിത്തിനമായ ഹാപ്പി ഹിൽ (ഫുക്കോക്ക നെല്ല്) കൈവശപ്പെടുത്താൻ ബഹുരാഷ്ട്ര വിത്തുകമ്പനികളായ മോൺസാന്റോയും ഡഗ്ലസ്ഉം ശ്രമിക്കുകയാണെന്ന് പ്രസിദ്ധ ജാപ്പാനീസ് പ്രകൃതി കർഷകനായ മസനൊബു ഫുക്കുവോക്ക പറഞ്ഞു. സർ. ആൽബർട്ട് ഹൊവാർഡിന്റെ (സ്വാഭാവിക കൃഷിപ്രചാരകൻ) സ്മരണയ്ക്കായുള്ള പ്രഭാഷണം നടത്താൻ ഡൽഹിയിലെത്തിയതായിരുന്നു അദ്ദേഹം. "ഈ നെല്ല് കൈവശപ്പെടുത്തി സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കാനാണ് ഈ കമ്പനികൾ ശ്രമിക്കുന്നത്. സങ്കരയിനങ്ങൾക്ക് ആദ്യത്തെ ഒന്നുരണ്ടു വർഷം ഹാപ്പി ഹില്ലിന്റെ സ്വഭാവഗുണങ്ങളുണ്ടാകും, പിന്നെയത് ഇല്ലാതാകും. അപ്പോൾ എല്ലാ വർഷവും കർഷകർ വിത്തുവാങ്ങണമെന്ന സ്ഥിതിയാകും." ഫുക്കുവോക്ക തുടർന്നു.

ഫുക്കുവോക്ക ഹാപ്പി ഹിൽ പേറ്റന്റ് ചെയ്തിട്ടുണ്ട്. എല്ലാവർക്കും അവകാശപ്പെട്ടത് എന്ന വ്യവസ്ഥയിലാണ് പേറ്റന്റ് എടുത്തിരിക്കുന്നത്. എങ്കിലും മൂന്നു വർഷത്തിനകം ബഹുരാഷ്ട്ര വിത്തുകമ്പനികൾ ഹാപ്പിഹില്ലിൽ നിന്ന് സങ്കരയിനങ്ങൾ വികസിപ്പിക്കും എന്ന് അദ്ദേഹം കരുതുന്നു. അതിനു മുമ്പായി ലോകമെങ്ങും ഹാപ്പിഹിൽ എത്തിക്കേണ്ടതുണ്ട്. ഹാപ്പിഹിൽ നെൽക്കതിർ കൈയ്യിലേന്തി ഫുക്കുവോക്ക പറഞ്ഞു.

1975ൽ ഒറ്റവൈക്കോൽ വിപ്ലവം എന്ന കൃതിയെഴുതി ലോകപ്രസിദ്ധനായ മസനോബു ഫുകുവോക്കക്ക് ഇന്ന് ലോകം, തന്നെ മറന്നു എന്ന തോന്നലാണ്. തന്റെ കൃഷിരീതി ഇന്നാരും പിന്തുടരുന്നുണ്ടെന്ന് തോന്നുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ഉണ്ടെങ്കിൽ അത് അദ്ഭുതങ്ങൾ പോലെയാകും. ജപ്പാനിലും തന്റെ കൃഷിരീതി വിസ്മൃതിയിലാണ്. എന്നാൽ പുതിയ കണ്ടുപിടുത്തങ്ങളും നേട്ടങ്ങളും നാശങ്ങളിലേക്കാണ് എത്തുന്നത്. ഭക്ഷ്യവസ്തുക്കൾക്ക് ഇന്ന് രാസവളങ്ങളും കീടനാശിനികളും നൽകുന്ന വിഷത്തിന്റെ രുചിയാണ്. ഹാപ്പി ഹിൽ പോലുള്ള ധാന്യങ്ങളിൽ ഒരു കതിരിൽ മുന്നൂറ് മണിയിൽ കൂടുതലുണ്ട്. ഇന്ന് കാലാവസ്ഥയിൽ വന്നുചേർന്ന മാറ്റങ്ങൾ നമ്മൾ നേട്ടങ്ങളെന്ന് അഭിമാനിക്കുന്നവയുടെ ഫലമാണ്. ഫുക്കുവോക്ക ചൂണ്ടിക്കാട്ടി.